## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*206 — 11.03.2020-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ബി.സത്യൻ<br>,, ജെയിംസ് മാത്യു<br>,, പി.ടി.എ. റഹീം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിൽ കെ.എസ്.എഫ്.ഇ / കെ.എഫ്.സി പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ വലിയ പങ്ക വഹിക്കുന്നുണ്ട്. വർഷം തോറും ലാഭവിഹിതമായും ഗ്യാരണ്ടി കമ്മീഷൻ ആയും നല്ലൊരു തുക സർക്കാരിന് നൽകി വരുന്നു. നാളിതു വരെ 1346.86 കോടി രൂപയാണ് കെ.എസ്.എഫ്.ഇ സംസ്ഥാന സർക്കാരിന് ഈയിനത്തിൽ നൽകിയിട്ടുള്ളത്. കൂടാതെ കെ.എസ്.എഫ്.ഇ ചിട്ടിയുടെ സുരക്ഷാ നിക്ഷേപം എന്ന കണക്കിലും അല്ലാതെയുമായി സർക്കാർ ട്രഷറിയിൽ ഗണ്യമായ തുക നിക്ഷേപിച്ചിട്ടുണ്ട്. 31/12/2019 ലെ കണക്ക് അനുസരിച്ച് ഈ തുക 5260 കോടിയോളം വരും. ഇതിനും പുറമേ അടുപ്പിച്ചുള്ള 3 വർഷങ്ങളിലെ ലാഭത്തിന്റെ (നികുതി ഒടുക്കുന്നതിനു മുൻപുള്ള) മൊത്തം തുകയുടെ 2 ശതമാനം എന്ന കണക്കിൽ കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വ ഫണ്ട് (CSR- Corporate Social Responsibility Fund) പൊതുക്ഷേമത്തിനായി ചെലവഴിക്കാറുണ്ട്. കഴിഞ്ഞ നാലു വർഷക്കാലം ഈ ഇനത്തിൽ ചെലവഴിച്ച പണം താഴെപറയും പ്രകാരമാണ്.<br>2016-17 = 3.51 കോടി രൂപ<br>2017-18 = 4.00 കോടി രൂപ<br>2018-19 = 3.74 കോടി രൂപ<br>2019-20 = 3.52 കോടി രൂപ<br><br>പ്രവാസി ചിട്ടി എന്ന പേരിൽ കെ.എസ്.എഫ്.ഇ |

| | | | |
|---|---|---|---|
| | | | ആരംഭിച്ച ചിട്ടികൾ കിഫ്ബിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ വികസനത്തിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. നാളിതുവരെ ഈ ചിട്ടി വഴി കിഫ്ബിയിൽ 107 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ സർക്കാരിന്റെ പക്കൽ എത്തുന്ന പണം വികസനപ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും ആണ് ഉപയോഗിക്കുക എന്നതിനാൽ, അത് നാടിന്റെ സാമൂഹ്യ വികസനത്തിൽ കാര്യമായ പങ്കു വഹിക്കുന്നു. മാത്രമല്ല ചിട്ടി പോലുള്ള പദ്ധതികളുടെ പേരു പറഞ്ഞ് ചില സ്വകാര്യ കമ്പനികൾ നടത്തുന്ന തട്ടിപ്പിന് ഇരയായവർ കേരളത്തിൽ ചെറുതല്ല. അത്തരം തട്ടിപ്പുകളിൽ നിന്നും സാമൂഹ്യ സുരക്ഷിതത്വം നൽകുന്നതും സാമൂഹ്യ വികസനത്തിന്റെ ഭാഗമായി കണക്കിലെടുക്കാവുന്നതാണ്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് സഹായിക്കുന്ന സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷം വരെ 47,294 പദ്ധതികൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങളെ സ്വകാര്യപണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായി ആരംഭിച്ച കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ടതാണ്. പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ചിട്ടിയായതിനാൽ അതിനനുസൃതമായി നിരവധി ഇളവുകൾ ചിട്ട് ഫണ്ട് ആക്ട് 1982 ലും ചിട്ടി റൂൾസ് 2012 ലും അവശ്യം ആയിരുന്നു. അത് സാധ്യമാക്കാനായി ചിട്ടി ഫണ്ട് ആക്ട് 1982 ന്റെ സെക്ഷൻ 6 (1), 7 (1), 7 (2), 9 (1), 9 (2), 9 (3), 10(1), 10(2), 13 (3), 15, 16 (2), 16 (3), 17, 18, 20 (1)C, 23, 24, 28 (1), 28(2), 28 (3), 29 (2), 33 (1), 33 (4), 34,35, 37, 38 എന്നീ ചട്ടങ്ങളിൽ നിന്നൊക്കെ ഗവൺമെന്റ് കെ .എസ്.എഫ്.ഇ പ്രവാസി ചിട്ടിയ്ക്ക് അനുസൃതമായി ഇളവ് നൽകുകയുണ്ടായി. അതാണ് ലോകത്തെമ്പാടുമുള്ള മലയാളികൾക്ക്, പ്രവാസി നാട്ടുകളിൽ താമസിച്ചുകൊണ്ടു തന്നെ ചിട്ടിയിൽ ചേരാനുള്ള |

| | | | |
|---|---|---|---|
| | | | അവസരം ഒരുക്കിയത്. മാത്രമല്ല പുതിയ കാലത്തിനനുസൃതമായി ഓൺലൈൻ ലേലം അടക്കം സാധ്യമായത് സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടൽ കൊണ്ടാണ്. അതു കൂടാതെ എല്ലാ വർഷത്തേയും പദ്ധതികൾ രേഖപ്പെടുത്തിയിട്ടുള്ള ബജറ്റിന്റെ അംഗീകാരം സർക്കാരാണ് നൽകുന്നത്. അതു പ്രകാരമാണ് കെ.എസ്.എഫ്.ഇ യുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നത്. ഈ വർഷങ്ങളിൽ കെ.എസ്.എഫ്.ഇ ആർജ്ജിച്ച ലാഭവും പ്രവർത്തനക്ഷമതയും അതുകൊണ്ടു തന്നെ ഈ സർക്കാരിന്റെ പിന്തുണ കൊണ്ടാണ് സാധിച്ചതെന്നു പറയാം. പൊന്നോണ ചിട്ടികൾ, സുവർണ്ണ ജൂബിലീ ചിട്ടികൾ തുടങ്ങിയ സമ്മാന ചിട്ടി പദ്ധതികൾ, ഇളവ് കടാശ്വാസ പദ്ധതി ചിട്ടി വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ആരംഭിച്ച മൾട്ടി ഡിവിഷൻ ചിട്ടികൾ തുടങ്ങിയവ ഈ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.എഫ്.ഇ നടപ്പാക്കിയ പദ്ധതികളാണ്. ഗോൾഡ് ലോൺ വിപണനം ചെയ്യുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചതും ഇക്കാലത്ത് തന്നെയാണ്. അതിന്റെ ഫലമായി സ്വർണ്ണവായ്പ, റെക്കോർഡ് നേട്ടം കൈവരിക്കുകയുണ്ടായി. ഇക്കാലത്ത് തന്നെയാണ് സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി പത്തനംതിട്ട, പാലക്കാട് എന്നീ സ്ഥലങ്ങളിൽ രണ്ടു പുതിയ മേഖലാ ഓഫീസുകൾ ആരംഭിച്ചത്. കാസ്ബ എന്ന സോഫ്റ്റ് വെയർ വഴി ശാഖകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോർ അധിഷ്ഠിത പദ്ധതി വഴി സങ്കേതികവത്കരണം കെ.എസ്.എഫ്.ഇ യിൽ സാധ്യമായതും ഈ സർക്കാരിന്റെ കാലത്താണ്. അതു കൂടാതെ കെ.എസ്.എഫ്.ഇ പദ്ധതികൾക്കായുള്ള മൊബൈൽ ആപ്പും ഓൺലൈൻ പോർട്ടലും ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കോർപ്പറേറ്റ് ഓഫീസ് പുതിയ കാലത്തിനനുസൃതമായി നവീകരിച്ചതിനു പുറമേ, 180 ഓളം ശാഖകൾ സ്മാർട്ട് ഓഫീസുകൾ ആയി മാറ്റുകയുണ്ടായി. ഇടപാടുകാരുടെ സൗഖ്യത്തിനും ഇടപാടുകളുടെ വേഗതയ്ക്കും അത് സഹായിക്കുന്നു. കെ.എസ്.എഫ്.ഇ യുടെ ലോഗോ മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ വഴി കമ്പനി പുതിയ കെട്ടിലും മട്ടിലേയ്ക്കും വളർന്നതും ഈ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | കാലത്തു തന്നെ. പുതിയ 101 ശാഖകൾ കൂടി ആരംഭിക്കുന്നതിന് ഈ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.എഫ്.ഇ. കേരളത്തിലെ പ്രവാസികൾക്ക് വേണ്ടി ആരംഭിച്ച പ്രവാസി ചിട്ടി നിലവിൽ ഏതെല്ലാം രാജ്യങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ഐക്യരാഷ്ട്ര സംഘടനയുടെ കരിമ്പട്ടികയിൽ പെടാത്ത എല്ലാ രാജ്യങ്ങളിലെ മലയാളികൾക്കും ഇപ്പോൾ പ്രവാസി ചിട്ടിയിൽ ചേരാവുന്നതാണ്. |
| (ഡി) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ഇന്ത്യയിലെ ഇതര സംസ്ഥാന മലയാളികൾക്ക് കൂടി ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി 2019 നവംബർ 10 മുതൽ ഇതര സംസ്ഥാന മലയാളികൾക്ക് കൂടി ലഭ്യമാക്കിയിട്ടുണ്ട്. |

Suja

സെക്ഷൻ ഓഫീസർ